ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 271.

(ബി) വ്യത്യസ്ഥരീതിയിലാണ് ശമ്പളം നൽകിവരുന്നത്.

(സി) ഇല്ല. എം. എസ്. പി. യിലേയും തിരുവിതാംകൂർ-കൊച്ചിവിഭാഗത്തിലെ ആംഡ് റിസർവിലേയും നായക്മാർക്ക് ഉദ്യോഗപ്പേര് (designation) ഒന്നാണെങ്കിലും അവരുടെ ജോലിക്കും ചുമതലയ്ക്കും വ്യത്യാസമുണ്ട്. അതിനാൽ ശമ്പളത്തിലും ആ വ്യത്യാസം കാണിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്ടിലെ നായക്മാരോട് മാത്രമായിട്ട് യാതൊരു വ്യത്യാസവും കാണിച്ചിട്ടില്ല. ഉചിതമായ ഒരു ഉദ്യോഗപ്പേര് മലബാറിലെ നായക്മാർക്ക് നൽകുമ്പോൾ ഈ കുഴപ്പത്തിന് പരിഹാരമുണ്ടാകുന്നതാണ്.

(ഡി) സി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## UNSTARRED QUESTIONS AND ANSWERS.

### ദേവസ്വംബോർഡിലെ ഉദ്യോഗസ്ഥന്മാർ.

379. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട്;

(ബി) ഗസറ്റഡ് ആഫീസറന്മാർ എത്ര, നാൺ ഗസറ്റഡ് ആഫീസർ എത്ര, കണ്ടിജൻസി ഉദ്യോഗമെത്ര;

(സി) ഉദ്യോഗസ്ഥന്മാരുടെ ശമ്പളവിതത്തിൽ ആണ്ടിൽ എത്ര രൂപ വേണം;

(ഡി) ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ എത്ര ഹരിജൻ ഉദ്യോഗസ്ഥന്മാരുണ്ട്?

ഉത്തരം.

(എ. ബി. സി. ഡി.) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള നിയമനങ്ങളും ഗവണ്മെന്റിന്റെ പരിധിയിലും നിയന്ത്രണത്തിലും പെടുന്നതല്ലാത്തതിനാൽ ഉത്തരം നൽകുക സാധ്യമല്ല.

### പബ്ലിക്ക് മാർക്കറ്റ്.

380. [7] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളൂരിൽ ഒരു പബ്ലിക്ക് മാർക്കറ്റ് വേണമെന്ന ആവശ്യപ്പെട്ടുകൊണ്ട് മുളൂർനിവാസികളും മീമഹർജികളും പൊതുസംഘടനകളിൽ നിന്നും പ്രമേയങ്ങളും അയച്ചിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ എടുത്തിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഒല്ലൂർപഞ്ചായത്തിൽ നിന്നും ഒരു അപേക്ഷ ഡയറക്ടർ ഓഫ് ലോക്കൽബോഡീസിനു കിട്ടിയിട്ടുണ്ട്.

(ബി) പഞ്ചായത്തിന്റെ അപേക്ഷയെപ്പറ്റി അന്വേഷണം നടത്തിവരുന്നു.

മലയാളം ലക്ചറിക്കൻ ആഫീസിലെ ഉദ്യോഗസ്ഥന്മാർ.

381. [9] ശ്രീ. എം. കുഞ്ഞുകൃഷ്ണൻനാടാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

മലയാളം ലക്ചറിക്കൻ ആഫീസിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക നൽകാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

ഉത്തരം.

പട്ടിക താഴെ കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 1. | ബ്രാഹ്മണൻ | .... | .... | 1 |
| 2. | നായന്മാർ | .... | .... | 29 |
| 3. | ക്രിസ്ത്യാനികൾ | .... | .... | 5 |
| 4. | ഈഴവർ | .... | .... | 5 |
| 5. | മുസ്ലീങ്ങൾ | .... | .... | 2 |
| 6. | പുലയർ | .... | .... | 2 |
| 7. | വാര്യർ | .... | .... | 1 |
| 8. | കുറുക്കൾ | .... | .... | 1 |
| 9. | പുഷ്പകർ | .... | .... | 1 |
| 10. | വിശ്വകർമ്മാ | .... | .... | 1 |
| 11. | നാടാർ | .... | .... | 1 |

## BUSSINESS OF THE HOUSE.

ശ്രീ. പി. ടി. ചാക്കോ: സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു പ്രധാനപ്പെട്ട കാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഇന്നച്ചു കഴിഞ്ഞു നിയമസഭ സമ്മേളിക്കുന്നതായി അജൻഡായിലുണ്ടു്. കഴിഞ്ഞ രണ്ടുദിവസത്തെ നിയമനിർമ്മാണ നടപടികൾക്കുള്ള സമയം കാമ്പൻസേറ്റുചെയ്യുന്നതിനായി ഉച്ചകഴിഞ്ഞു വയ്ക്കാമെന്നാണു് സഭ സമ്മതിച്ചിട്ടുള്ളതു്. അങ്ങനെ കാമ്പൻസേറ്റു ചെയ്യുന്നതിനുവേണ്ടി ഇരിക്കേണ്ടതു് എട്ടു മണിക്കൂറാണു്. അതിനു രണ്ടുദിവസം ഇരുന്നുകഴിഞ്ഞു. ഞങ്ങൾ കഴിഞ്ഞയാഴ്ച ഞങ്ങളുടെ പരിപാടികളൊക്കെ മാറ്റിവച്ചു് ഉച്ചകഴിഞ്ഞു് ഇരിക്കാൻ തയ്യാറായി വന്നപ്പോൾ ഉച്ചകഴിഞ്ഞുള്ള സെഷൻ ഇല്ല എന്നുള്ള വിവരം അറിഞ്ഞു. ഞങ്ങൾസ്ത്രീകൾ കൂടികളെപ്പോലെയോ, കാൺസൻട്രേഷൻ ക്യാമ്പിൽക്കഴിയുന്ന സ്ത്രീകളെപ്പോലെയോ ഉള്ളവരാണെന്നു കരുതുന്നതു വളരെ ക്ഷോഭകരമാണു്. ഞങ്ങൾക്കും ചില പരിപാടികളൊക്കെയുണ്ടു്. ഉച്ചകഴിഞ്ഞു ഇരിക്കുന്നതിനുകൂടി തയ്യാറായിട്ടാണു് ഞങ്ങൾ വന്നതു്. പക്ഷേ ഇവിടെവന്നപ്പോൾ എന്തുകാരണംകൊണ്ടോ, എന്തുകൊണ്ടാണെന്നു അറിയുമെങ്കിലും പറയുന്നില്ല, ഉച്ചകഴിഞ്ഞുള്ള സെഷൻ മാറ്റിവച്ചിരിക്കുന്നതായി അറിഞ്ഞു. ഇന്നച്ചു കഴിഞ്ഞു സെഷൻ വച്ചിരിക്കുകയാണു്. ഇന്നു ഉച്ചകഴിഞ്ഞു് ഞങ്ങൾ ചില പരിപാടികൾ വച്ചിട്ടുണ്ടു്. ഇന്നച്ചുയ്ക്കു തുടർന്നിരിക്കണമെന്നു് ഇന്നലെ

9 a. m.]

LIBRARY ARCHIVES Kerala Legislative Assembly